എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ
ഊർജ്ജപത്രിക
Oorja Pathrika | A Newsletter from Energy Management Centre- Kerala
വാല്യം- 2, ലക്കം 06 | 2021 നവംബർ 05




# വ്യവസായങ്ങളിലെ ഊർജ്ജകാര്യക്ഷമത; ശിൽപ്പശാലകൾ ആരംഭിച്ചു

കേരളത്തിലെ വ്യവസായ പാർക്കുകൾ കേന്ദ്രീകരിച്ച് ഊർജ്ജകാര്യക്ഷമതയിൽ ശിൽപ്പശാലകൾ പുരോഗമിക്കുന്നു. എനർജി മാനേജ്മെന്റ് സെന്ററും കേരള സ്റ്റേറ്റ് പ്രോഡക്ടിവിറ്റി കൗൺസിലും ചേർന്നാണ് വ്യവസായ ശാലകളിലെ ടെക്നീഷ്യൻമാർക്കും എഞ്ചിനീയമാർക്കുമായി പരിപാടി സംഘടിപ്പിക്കുന്നത്.

ഒക്ടോബർ മാസത്തിൽ 2 പരിപാടികളാണ് സംഘടിപ്പിച്ചത്. ആദ്യ പരിപാടി ഒക്ടോബർ 20 ന് മേജർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്



കളമശ്ശേരിയിൽ വച്ചും രണ്ടാമത്തേത് കിൻഫ്ര ഇന്റസ്ട്രിയൽ പാർക്ക്, നെല്ലാട് വച്ചും നടന്നു. രണ്ട് പരിപാടികളിലുമായി 105 പേരുടെ പങ്കാളിത്തം ഉണ്ടായി.

കളമശ്ശേരിയിൽ വച്ച നടന്ന പരിപാടി എറണാകുളം ഡിസ്ട്രിക്ട് ഇന്റസ്ട്രീസ് സെന്ററിന്റെ ജനറൽ മാനേജർ ശ്രീ. ബിജു പി എബ്രഹാമും നെല്ലാട് വച്ച് നടന്ന പരിപാടി കേരള സ്റ്റേറ്റ് പ്രോഡക്ടിവിറ്റി കൗൺസിൽ ഡയറക്ടർ ശ്രീ. എ പി ജോസും ഉദ്ഘാടനം ചെയ്തു. കേരള സ്റ്റേറ്റ് പ്രോഡക്ടിവിറ്റി കൗൺസിൽ, എനർജി മാനേജ്മെന്റ് സെന്റർ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരും ഊർജ്ജരംഗത്തെ വിദഗ്ധരും ക്ലാസുകൾ നയിച്ചു.

# കർഷകർക്കായുള്ള ബോധവൽക്കരണ പരിപാടികൾ പുരോഗമിക്കുന്നു

എല്ലാ ജില്ലകളിലേയും കൃഷി വിജ്ഞാന കേന്ദ്രങ്ങൾ മുഖാന്തരം കർഷകർക്കായി നടത്തുന്ന ബോധവൽക്കരണ പരിപാടി പുരോഗമിക്കുന്നു. ഊർജ്ജ കാര്യക്ഷമമായ കാർഷിക പമ്പുകളും നവീനവും കാര്യക്ഷമവുമായ ജലസേചന മാർഗ്ഗങ്ങളും ഉപയോഗിക്കുന്നതിന് കർഷകരെ ബോധവൽക്കരിക്കുകയാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കോഴിക്കോട്, മലപ്പുറം,




വയനാട്, പത്തനംതിട്ട, പാലക്കാട് ജില്ലകളിലാണ് നിലവിൽ ബോധവൽക്കരണ പരിപാടി പൂർത്തിയായത്. എല്ലാ പരിപാടികളിലുമായി 200ൽ അധികം കർഷകരുടെ പങ്കാളിത്തം ഉണ്ടായി. ഇ.എം.സി എംപാനൽഡ് എനർജി ഓഡിറ്റർമാരായ ശ്രീ. സന്തോഷ് എ, ശ്രീ. സുരേഷ് ബാബു ബി. വി., ശ്രീ. ജാനേഷ്, ശ്രീ. ആസീം, ശ്രീ അഹമ്മദ് കബീർ എന്നിവർ വിവിധ കൃഷിവിജ്ഞാന കേന്ദ്രങ്ങളിൽ ക്ലാസുകൾ നയിച്ചു.



# ഊർജ്ജകിരൺ പോസ്റ്റ് സാംഗ്ഷൻ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു

എൻ.ജി.ഒ കളേയും അക്കാദമിക, ഗവേഷണ സ്ഥാപനങ്ങളേയും പങ്കടുപ്പിച്ചുകൊണ്ട് സംഘടിപ്പിക്കുന്ന ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടിയുടെ പോസ്റ്റ് സാംഗ്ഷൻ വർക്ക്ഷോപ്പ് ഒക്ടോബർ 29 ന് സംഘടിപ്പിച്ചു.
പരിപാടിയുടെ ഭാഗമായി വിവിധ എൻ.ജി.ഒ കളുടെ സഹായത്തോടെ കേരളത്തിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും 200 വെബിനാറുകൾ സംഘടിപ്പിക്കും. ഇതോടൊപ്പം കേരളത്തിലെ വനിതാ സംരഭകർക്കായി എല്ലാ ജില്ലകളിലും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കും.
വിവിധ പരിപാടികൾക്കായി 160 എൻ.ജി.ഒ കളെയാണ് തിരഞ്ഞെടുത്തത്. സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡെവലപ്മെന്റാണ് പദ്ധതിയുടെ നടത്തിപ്പിനുള്ള റിസോഴ്സ് ഏജൻസി.
തിരഞ്ഞെടുത്ത എൻ.ജി.ഒ കളെ പരിശീലിപ്പിക്കുന്നതിനുള്ള വർക്ക്ഷോപ്പാണ് 29ന് നടന്നത്. പരിശീലന പരിപാടി ഇ.എം.സി ഡയറക്ടർ ഡോ. ആർ ഹരികുമാർ ഉദ്ഘാടനം ചെയ്തു, ശ്രീ. ദിനേശ്കുമാർ എ എൻ   ജോ.ഡയറക്ടർ ഇ.എം.സി പരിപാടിയിൽ അദ്ധ്യക്ഷത വഹിച്ചു. ഡോ. ടി സാബു, ഡയറക്ടർ, സി.ഇ.ഡി വിഷയാവതരണം നടത്തി. തിരഞ്ഞെടുത്ത എൻ.ജി.ഒകളിൽ നിന്നായി 182 പേർ പങ്കെടുത്തു.


## ഇന്റസ്ട്രി അക്കാദമിക്ക് ഇന്ററാക്ഷൻ പ്രോഗ്രാമിനായി ഇ.എം.സിയും ടി.കെ.എം കോളേജും ധാരണാപത്രം ഒപ്പ് വച്ചു



എനർജി മാനേജ്മന്റ് സെന്ററും ടി.കെ.എം എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗവും ഇന്റസ്ടി അക്കാദമിക്ക് ഇന്ററാക്ഷൻ പ്രോഗ്രാമിനായുള്ള  ധാരണാപത്രത്തിൽ ഒപ്പു വെച്ചു.

ഇതിന്റെ ഭാഗമായി എനർജി മാനേജ്മന്റ് സെന്ററും ടി.കെ.എം എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗവും ചേർന്ന് രണ്ട് സർട്ടിഫിക്കേറ്റ് കോഴ്സുകൾ ആരംഭിക്കും.

Foundation Course in Energy Engineering (FEE), Advanced Course in Energy Auditing (AEA) എന്നീ രണ്ടു കോഴ്സുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ ദേശീയ സർട്ടിഫിക്കേഷൻ പരീക്ഷകൾക്കും ഊർജ്ജ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യുവാനും ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുക എന്ന ഉദ്ദേശത്തിലാണ്  ഈ രണ്ട് കോഴ്സുകളും രൂപകൽപന ചെയ്തിട്ടുള്ളത്. ദേശീയ തലത്തിൽ ഈ മേഖലകളിലെ വിദദ്ധരാണ് പരിശീലനത്തിനു നേതൃത്വം നൽകുന്നത്.



## MYEV പോർട്ടൽ വഴി വാഹന വിൽപ്പന പുരോഗമിക്കുന്നു

ഇലക്ട്രിക് സ്കൂട്ടറുകളുൾ കുറഞ്ഞ വിലയിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ആരംഭിച്ച പോർട്ടൽ വഴി വാഹന ബുക്കിംഗും വിൽപ്പനയും പുരോഗമിക്കുന്നു. 2021 സെപ്റ്റംബർ മാസം 1 ന് ഉദ്ഘാടനം ചെയ്ത് പ്രവർത്തനമാരംമഭിച്ച പോർട്ടൽ വഴി നിലവിൽ 32 സ്കൂട്ടറുകൾ ബുക്ക് ചെയ്യപ്പെട്ടിട്ടുണ്ട് അവയിൽ 3 എണ്ണം വിതരണം ചെയ്തു. ബുക്കിംഗിനായി www.myev.org.in സന്ദർശിക്കുക.



Published by **Dr. R. Harikumar**, Director, EMC

Editorial board
Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Ijas M. A. (Member)
Er. Tomson Sebastian (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: 0471-2495922, 24, Fax 0471-2494923
www.keralaenergy.gov.in
Toll Free No. 1800 425 5256

# ‘First and Last-mile connectivity through electric Autorickshaws’ Program by KSRTC and KTDFC



Kerala State Road Transport Corporation (KSRTC) in association with Kerala Transport Development Finance Corporation (KTDFC) for ensuring first and last-mile connectivity is planning to procure 1500 electric autorickshaws in major cities including Thiruvananthapuram, Kochi and Kozhikode. As an initial phase of the project, it was decided to procure 30 electric autorickshaws.

Prior to tendering, EMC has convened a meeting of electric autorickshaw manufacturers and dealers on behalf of KSRTC on 4th October. Sri. Biju Prabhakar IAS, Chairman and Managing Director, KSRTC, Dr B Ashok IAS, Chairman & Managing Director, KTDFC and Dr. R Harikumar, Director EMC addressed the manufacturers. Representatives from leading manufacturers of electric autorickshaws have attended the meeting.



# New Audit Norms for Indian Electricity Distribution Companies

The Bureau of Energy Efficiency (BEE) notified its latest regulation, dated October 2021, regarding the “Manner and Intervals for Conduct of Energy Audit in Electricity Distribution Companies”. This is expected to ensure better measurement and tracking of the transmission and distribution (T&D) losses of electricity distribution companies (DISCOMS).

Currently, despite Central Electricity Authority guidelines, most DISCOMS adopt varying methodologies to calculate AT&C losses. This difference in methodology can create a difference in the AT&C reporting, thereby making their measurement and tracking difficult. The average AT&C losses reported by electricity distribution companies range from 22 to 25 percent. These new energy audit regulations prescribed by BEE will change this situation to bring uniformity in the reporting methods.

DISCOMS are required to submit energy accounting reports every quarter and an audited energy report every year to the BEE in prescribed formats. This includes data on energy input and consumption at each voltage level by all users, including DISCOMs consumers, open access and captive users, as well as distribution franchises. This enables a better estimation of T&D losses based on the actual energy handled by the system.

For more: [https://qrgo.page.link/QRPWe](https://qrgo.page.link/QRPWe)

# വിവിധ കൃഷി വിജ്ഞാന കേന്ദ്രങ്ങളിൽ വച്ചു നടന്ന കർഷകർക്കായുള്ള ബോധവൽക്കരണ പരിപാടികൾ



പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രം




വയനാട് കൃഷി വിജ്ഞാനകേന്ദ്രം



പത്തനംതിട്ട കൃഷി വിജ്ഞാനകേന്ദ്രം




കോഴിക്കോട് കൃഷി വിജ്ഞാനകേന്ദ്രം




കിൻഫ്ര ഇന്റസ്ട്രിയൽ പാർക്ക്, നെല്ലാട് വച്ച് നടന്ന ഊർജ്ജ കാര്യക്ഷമ താ ശിൽപ്പശാല കേരള സ്റ്റേറ്റ് പ്രോഡക്ടിവിറ്റി കൌൺസിൽ ഡയറക്ടർ ശ്രീ. എ. പി. ജോസ് ഉദ്ഘാ ടനം ചെയ്യുന്നു.